നമ്പർ. സി2/18473/റ്റിസി/2012

**ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം,**
രണ്ടാം നില, ട്രാൻസ് ടവേഴ്സ്, വഴുതക്കാട്, തിരുവനന്തപുരം-14,
[☎0471-2333337/2333317 ഫാക്സ് 0471-2333314]
www.keralamvd.com [ഇ-മെയിൽ - tcoffice@keralamvd.gov.in ]
തീയ്യതി, 01.03.2016

**പരിപത്രം 04/2016**

വിഷയം :- *മോട്ടോർ വാഹന വകുപ്പ്*— റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ, എൻഫോഴ്സ്മെന്റിന്റെ ചുമതലകളും ഉത്തരവാദിത്വങ്ങളും - സംബന്ധിച്ച്.

സൂചന:- എ1/10193/റ്റി.സി/2011 നമ്പറായ 09.01.2012ലെ ഉത്തരവ്

സൂചന പ്രകാരം ഇറക്കിയ ഉത്തരവിൽ പരിഷ്കാരങ്ങൾ വരുത്തി പുതുക്കിയ ഉത്തരവിറക്കുന്നു.

1. മോട്ടോർ വാഹന വകുപ്പിലെ എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ്/സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ്/മൊബൈൽ എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ എന്നിവയിലെ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ, റോഡുസുരക്ഷാ പ്രവർത്തനങ്ങൾ, എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥരുടെ പ്രവർത്തനങ്ങൾ, ക്യാമറ സർവെയ്‌ലൻസ് സംവിധാനം, ആയതിനുള്ള കൺട്രോൾ റൂം പ്രവർത്തനങ്ങൾ, GPS കൺട്രോൾ റൂമുകൾ എന്നിവ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ, എൻഫോഴ്സ്മെന്റിന്റെ ചുമതലയിലും, ഉത്തരവാദിത്വത്തിലുമായിരിക്കും.
2. റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ(എൻഫോഴ്സ്മെന്റ്), ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ(എൻഫോഴ്സ്മെന്റ്) -ന്റെ നേരിട്ടുള്ള നിയന്ത്രണത്തിലും, മേഖല ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാർ, റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരുടെ (എൻഫോഴ്സ്മെന്റ്) യുടെ ഇനിഷ്യൽ കൺട്രോളിംഗ്/റിപ്പോർട്ടിങ്ങ് ഓഫീസർമാരുമായിരിക്കും.
3. എല്ലാ എൻഫോഴ്സ്മെന്റ്/റോഡ് സേഫ്റ്റി പ്രവർത്തനങ്ങളുടേയും, അതിന്റെ ഏകോപനവും റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ(എൻഫോഴ്സ്മെന്റ്) ന്റെ ചുമതലയിലായിരിക്കും.
4. റോഡപകടങ്ങൾ കുറയ്ക്കുവാനുള്ള നടപടികൾ, സംവിധാനങ്ങൾ, തുടർപ്രവർത്തനങ്ങൾ എന്നിവ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ(എൻഫോഴ്സ്മെന്റ്) ഏകോപിപ്പിയ്ക്കുകയും, പദ്ധതികൾ ആവിഷ്കരിയ്ക്കേണ്ടതുമാണ്.
5. എല്ലാ മാസവും റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ(എൻഫോഴ്സ്മെന്റ്) ജില്ലാ അടിസ്ഥാനത്തിൽ എൻഫോഴ്സ്മെന്റ്/റോഡ് സേഫ്റ്റി/ആക്സിഡന്റ് റിഡക്ഷൻ പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതും ആയതിനു വേണ്ടി ജില്ലാതല മീറ്റിംഗുകൾ വിളിച്ചു ചേർക്കുകയും ഓരോ ഉദ്യോഗസ്ഥരുടേയും പ്രവർത്തനങ്ങൾ, ടാർജറ്റ് എന്നിവ പരിശോധിയ്ക്കുകയും കാര്യക്ഷമത ഉറപ്പാക്കുവാനുള്ള നിർദ്ദേശങ്ങൾ നൽകുകയും പരിഹാര മാർഗങ്ങൾക്കുള്ള നടപടികൾ സ്വീകരിയ്ക്കേണ്ടതുമാണ്.

6. എല്ലാ മാസവും 15 -ാം തീയതിയ്ക്ക മുൻപായി ഓരോ ജില്ലയിലെ പ്രവർത്തനങ്ങളുടെയും ഓരോ ഉദ്യോഗസ്ഥരുടെ പ്രവർത്തനങ്ങളും വിലയിരുത്തി സംക്ഷിപ്തമായ റിപ്പോർട്ട് തയ്യാറാക്കി ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ(എൻഫോഴ്സ്മെന്റ്) -ന് നേരിട്ട് നൽകുകയും, ആയതിന്റെ പകർപ്പ് മേഖല ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാർക്ക് നൽകുകയും വേണം.

7. ഉദ്യോഗസ്ഥരുടെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള റിപ്പോർട്ട് (കാര്യക്ഷമതക്കുറവ്/വേറിട്ട പ്രവർത്തനങ്ങൾ/പ്രവർത്തനമികവ്/അച്ചടക്കമില്ലായ്മ/അഴിമതി തുടങ്ങിയവ) പ്രത്യേകമായി (രഹസ്യമായി)(sealed cover) -ൽ ട്രാൻസ്പോർട്ട് കമ്മീഷണർക്ക് നേരിട്ട് നൽകേണ്ടതാണ്.

8. മേഖല ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാർക്ക് പുതുതായി അധികമായി അനുവദിച്ചിട്ടുള്ള, HA/HC, ക്ലാർക്ക് എന്നിവരെ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ, എൻഫോഴ്സ്മെന്റിന്റെ പൂർണ്ണ നിയന്ത്രണത്തിൽ, എൻഫോഴ്സ്മെന്റ്/റോഡ് സേഫ്റ്റി പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട മിനിസ്റ്റീരിയൽ ജോലികൾക്കു മാത്രമായി ഉപയോഗിക്കേണ്ടതാണ്.

റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ, എൻഫോഴ്സ്മെന്റ്, ജില്ലാ അടിസ്ഥാനത്തിൽ വാഹനങ്ങൾ പരിശോധിച്ചതിന്റെയും, offence കൾ കണ്ടുപിടിച്ചതിന്റെയും പിഴ ഈടാക്കിയതിന്റെയും വിവരങ്ങൾ പ്രത്യേക പ്രാഫോർമയിൽ ക്രോഡീകരിച്ച് നൽകേണ്ടതാണ്

ഒപ്പ്
ട്രാൻസ്പോർട്ട് കമ്മീഷണർ

പ്രേഷകർ

എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാർക്കും, റീജ്യണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും, ജോയിന്റ് റീജ്യണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും

പകർപ്പ്

ട്രാൻസ്പോർട്ട് കമ്മീഷണർ, ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ, സീനിയർ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ, സീനിയർ ലാ ഓഫീസർ എന്നിവരുടെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റമാർ

അംഗീകാരത്തോടെ

ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ